**പതിമൂന്നാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1028 **02.12.2015** ലെ മറുപടിക്ക്

<u>പട്ടികജാതി കോളനികളുടെ നവീകരണം</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ജി.സുധാകരൻ** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | ഒരു കോടി രൂപ ചെലവഴിച്ച് പട്ടികജാതി കോളനികൾ നവീകരിക്കുന്ന പദ്ധതി 2015- 16 വർഷത്തിൽ നടപ്പിലാക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിൽ തെരഞ്ഞെടുത്ത കോളനികളിലെ പ്രവർത്തനങ്ങളുടെ പുരോഗതി പരിശോധിച്ച ശേഷം മാത്രമേ പുതിയ കോളനികളെ തെരഞ്ഞെടുക്കുന്ന വിഷയം പരിഗണിക്കുകയുള്ളൂ. |
| (ബി) | അമ്പലപ്പുഴ നിയമസഭാ മണ്ഡലത്തിൽ സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി ഏതെല്ലാം കോളനികൾ നവീകരിക്കുന്നുണ്ട്; പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയും; വ്യക്തമാക്കാമോ? | (ബി) | അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതി പ്രകാരം മണ്ണുംപുറം കോളനിയിലെ വികസന പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. കോളനിയിൽ വീട് മെയിന്റനൻസ്, ഇന്റർലോക്ക്, കമ്മ്യൂണിറ്റി ഹാൾ നവീകരണം, സോളാർലാമ്പ് 10 എണ്ണം എന്നിവ പൂർത്തിയാക്കി. റോഡ് പണി, സൈഡ് കെട്ട്, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. നടപ്പു സാമ്പത്തിക വർഷം പ്രവർത്തനം പൂർത്തീകരിക്കുവാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. 65 ലക്ഷം രൂപ കോളനിയിലെ വികസന പ്രവർത്തനങ്ങൾക്കായി നിർവ്വഹണ ഏജൻസിക്ക് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ